LBRD-C2/40/2025-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച ചാല ഗവ.ഐ.ടി.ഐ.യിലെ 5 ട്രേഡുകളിലേയ്ക്കുള്ള ഉപകരണ സംഭരണത്തിനായി രണ്ടു കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി). വകുപ്പ്**

സ.ഉ.(സാധാ) നം.795/2025/LBR തീയതി,തിരുവനന്തപുരം, 30-06-2025

പരാമർശം:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 17/04/2025 ലെ DT/1827/2025-E6 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച ചാല ഗവ.ഐ.ടി.ഐയിലെ Welder, Marine Fitter, Multimedia Animation & Special Effects, Industrial Robotics & Digital Manufacturing Technician (3D Printing) എന്നീ 5 ട്രേഡുകളിലേയ്ക്കുള്ള ഉപകരണ സംഭരണത്തിനായി ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II ലെ മരാമത്ത് പണികളുടെ വാല്യം - II ൽ ക്രമ നം.288 ആയി 2 കോടി അടങ്കൽ തുകയും, 40,00,000/- (നാൽപ്പത് ലക്ഷം രൂപ) രൂപ ടി പ്രവർത്തിക്കായും വകയിരുത്തിയിട്ടുണ്ട് എന്നും, 5054-80-800-66 ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 2 കോടി രൂപ വകുപ്പിന്റെ പുതിയ ഐ.ടി.ഐ കളുടെ ഉപകരണ സംഭരണത്തിനായുള്ള ശീർഷകമായ 2230-03-101-80- Setting Up of New ITIs-34-Other Charges-Plan-2025-26ലേയ്ക്ക് അനുവദിച്ച നൽകണമെന്നും 2,33,95,938/- രൂപയുടെ ഭരണാനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പുതിയ ഐ.ടി.ഐ.കളുടെ ഉപകരണ സംഭരണത്തിനായുള്ള ശീർഷകമായ 2230-03-101-80- Setting Up of New ITIs-34-Other Charges-(P) എന്ന ശീർഷകത്തിൽ നിന്നും, 2025-26 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II ഭരണാനുമതിയില്ലാത്ത മരാമത്തു പണികളിൽ ക്രമ. നം. 288 ആയി "ചാല സർക്കാർ ITI ഉപകരണങ്ങളുടെ സംഭരണം" എന്ന ഇനത്തിൽ 2,00,00,000/- (രണ്ട് കോടി രൂപ മാത്രം) രൂപ അടങ്കൽ തുകയിൽ നിജപ്പെടുത്തിക്കൊണ്ട് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (തൊഴിൽ നം.3141185/തൊഴിൽ-2/131/2025-ധന തീയതി 24-06-2025 പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 01-07-2025 11:33:54
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്